തൊളിക്കുഴി പ്രദേശത്ത് സാമൂഹ്യവിരുദ്ധൻമാരുടെ അതിക്രമങ്ങൾ

1111. [1660] ശ്രീമതി ഗൗരിഅമ്മ തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ തൊളിക്കുഴിയിലും പരിസരപ്രദേശങ്ങളിലും സാമൂഹ്യ വിരുദ്ധരുടെ അതിക്രമങ്ങളും അക്രമങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ അവിടെ നടന്നിട്ടുള്ള കൊലപാതകങ്ങളും മർദ്ദനങ്ങളും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിൻമേൽ എന്തെല്ലാം നടപടികളും സ്വീകരിച്ചെന്നും എത്ര പേരെ ഇതു സംബന്ധിച്ച് അറസ്റ്റു ചെയ്തുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 12 കൊലപാതകങ്ങളാണ് ആകെ നടത്തിയിട്ടുള്ളത്. ഇതിൽ നാല് പ്രതികളെ ജീവപര്യന്തം തടവിനു ശിക്ഷിച്ചിട്ടുണ്ട്. രണ്ടു കേസ്സിലെ പ്രതികളെ വെറുതെ വിട്ടിട്ടുണ്ട്. രണ്ടു കേസ്സുകളും അന്വേഷണത്തിലും മൂന്നെണ്ണം കോടതി വിചാരണയിലും ഒരെണ്ണത്തിൽ പ്രതി ആത്മഹത്യ ചെയ്തതിനാൽ അബേറ്റ് ചാർജ്ജ് കൊടുത്തിരിക്കുകയുമാണ്. 10 കേസ്സുകളിലായി മൊത്തം 26 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരു കേസ്സിലെ പ്രതി ആത്മഹത്യ ചെയ്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. മറെറാരു കൈം 113/85-ലെ പ്രതിയെ മാത്രമേ പിടികൂടുവാനുള്ളൂ. ആ കേസ് ഇപ്പോൾ സി. ബി. സി. ഐ. ഡി. അന്വേഷണത്തിലാണ്. പ്രതി അറിവായിട്ടില്ല.

അസാൻമാർഗ്ഗ പ്രവർത്തനങ്ങൾ തടയാൻ നടപടി

1112. [1661] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിൽ ചില യുവതികളും യുവജനങ്ങളെ അസാൻമാർഗ്ഗിക പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ തെരഞ്ഞുപിടിച്ച് റെസ്ക്യൂ ഷെൽട്ടറിൽ അയയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരത്തിലുള്ള എത്ര പേരെ 1984 മുതൽ 1986 ഒക്ടോബർ 16 വരെ അറസ്റ്റ് ചെയ്ത് മേൽനടപടികളും സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ മേൽനടപടികളും സ്വീകരിക്കുന്നതാണ്.

(സി) ഇത്തരത്തിലുള്ളവരെ അറസ്റ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly